"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും നെയ്യാറ്റിൻകര നഗരസഭയിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ക്ലാർക്ക്, ശ്രീ. സുനിൽകുമാർ ആർ -നെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കൃഷി വകുപ്പിലെ ക്ലാർക്ക്, ശ്രീ. പ്രമോദ് പി.എസ് -നെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2022/ത.സ്വ.ഭ.വ **തീയതി,തിരുവനന്തപുരം,** 06/01/2022

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1744/2013/തസ്വഭവ, തീയതി 01.07.2013.
2. 20.10.2017 തീയതിയായി ശ്രീ.സുനിൽ കുമാർ ആർ സമർപ്പിച്ച നിവേദനം.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.11.2021 -ലെ ADFW/1785/2020/SA4 നമ്പർ കത്തും ഉള്ളടക്കവും.
4. നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 09.12.2021 -ലെ ജി1/13517/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിൽ നിന്നും പരാമർശം (1) പ്രകാരം നെയ്യാറ്റിൻകര നഗരസഭയിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ശ്രീ. സുനിൽകുമാർ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിക്കുന്നതിനായി പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. ശ്രീ.സുനിൽകുമാർ ആർ-നെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുമ്പോൾ നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതിനായി കൃഷി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ ജോലി ചെയ്യുന്ന ശ്രീ. പ്രമോദ് പി.എസ് സമർപ്പിച്ച അപേക്ഷ വകുപ്പ് മേധാവി ശിപാർശ ചെയ്ത പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ശ്രീ.സുനിൽകുമാർ ആർ-ന്റെ പേരിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ലായെന്ന് പരാമർശം (4) പ്രകാരം നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിൽ നിന്നും നെയ്യാറ്റിൻകര നഗരസഭയിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ശ്രീ. ശ്രീ.സുനിൽകുമാർ ആർ-നെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കൃഷി വകുപ്പിലെ ക്ലാർക്ക്, ശ്രീ. പ്രമോദ് പി.എസ് -നെ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി നെയ്യാറ്റിൻകര നഗരസഭയിൽ പുനർവിന്യസിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Balumahendra B

**അണ്ടർ സെക്രട്ടറി**

ശ്രീ.സുനിൽകുമാർ ആർ. ക്ലാർക്ക്, നെയ്യാറ്റിൻകര നഗരസഭ(വകുപ്പ മേധാവി മുഖേന)

ശ്രീ. പ്രമോദ് പി.എസ് , ക്ലാർക്ക്, കൃഷി വകുപ്പ് (വകുപ്പ മേധാവി മുഖേന)

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ